"ഭരണഭാഷ- മാതൃഭാഷ"

**കേരളം സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണവകുപ്പ്- സണ്ണിമേഡ് - ജേക്കബ്സ് ജംഗ്ഷൻ റോഡ് വികസനത്തിനായി വസ്തു പൊന്നുംവിലയ്ക്കെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ 104/2006 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുക അനുവദിക്കുന്നതിന്- ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശ സ്വയംഭരണ(ആർ.ഇ)വകുപ്പ്**

സ.ഉ.(സാധാ) നം.1754/2026/LSGD തീയതി,തിരുവനന്തപുരം, 16-09-2026

---

പരാമർശം:-

1. എൽ.എ.ആർ 104/06 കേസിൽ ബഹു. II അഡീഷണൽ സബ് കോടതിയുടെ 30.10.2009 തീയതിയിലെ വിധിന്യായം
2. എൽ.എ എ നം. 808/2013 അപ്പീലിന്മേലുള്ള ബഹു. ഹൈക്കോടതിയുടെ 23.01.2019 തീയതിയിലെ വിധിന്യായം
3. ജി ഒ(പി)നം. 32/2019/ധന തീയതി, 18.03.2019
4. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 21.07.2026 തീയതിയിലെ എ3/810/2006/ട്രിഡ നമ്പർ കത്ത്.

**ഉത്തരവ്**

സണ്ണിമേഡ്-ജേക്കബ്സ് ജംഗ്ഷൻ റോഡ് വികസനത്തിനായി വസ്തു പൊന്നുംവിലക്കെടുത്തതുമായി ബന്ധപ്പെട്ട ബഹു. തിരുവനന്തപുരം സബ് കോടതിയുടെ എൽ.എ.ആർ 104/2006 നമ്പർ കേസിലെ 30/11/2026 വരെ അവശേഷിക്കുന്ന വിധിക്കടത്തുകയായ 4,47,390/- രൂപ (നാല് ലക്ഷത്തി നാൽപ്പത്തിയേഴായിരത്തി മുന്നൂറ്റി തൊണ്ണൂറ് രൂപ മാത്രം) ജില്ലാ കളക്ടർക്ക് അനുവദിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറി പരാമർശം 4 പ്രകാരം അഭ്യർഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സണ്ണിമേഡ്- ജേക്കബ്സ് ജംഗ്ഷൻ റോഡ് വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ വഞ്ചിയൂർ വില്ലേജിൽ സർവ്വെ നം. 2928/1 (റീസർവ്വെ നം. 2928/5)-ൽ ഉൾപ്പെട്ട 0.68 ആർ വസ്തു പൊന്നുംവിലയ്ക്കെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ 104/2006 നമ്പർ കേസിൽ 30/11/2026 വരെ അവശേഷിക്കുന്ന വിധിക്കടത്തുകയായ **4,47,390/- രൂപ (നാല് ലക്ഷത്തി നാൽപ്പത്തിയേഴായിരത്തി മുന്നൂറ്റി തൊണ്ണൂറ് രൂപ മാത്രം)** ടി കേസിലെ കക്ഷിയായ ശ്രീ. ജേക്കബ് മാത്തൻ ജേക്കബ് (റ്റി.സി 5/1638, അറോറ ഹൗസ്, ലയോള സ്കൂളിനു സമീപം, ശ്രീകാര്യം, ചെറുവയ്ക്കൽ വില്ലേജ്) എന്നയാൾക്ക് '4217-60-800-93 Payment of compensation in LAR Cases (Plan - Charged)' എന്ന ശീർഷകത്തിൽ നിന്ന് അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
RADHA P M
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി, തിരുവനന്തപുരം
ജില്ലാ കളക്ടർ, തിരുവനന്തപുരം.
ബന്ധപ്പെട്ട കക്ഷികൾക്ക് (ജില്ലാ കളക്ടർ, തിരുവനന്തപുരം മുഖേന)
സ്പെഷ്യൽ ഓഫീസർ, സി.ആർ.ഡി.പി., തിരുവനന്തപുരം.
ഡെപ്യൂട്ടി കളക്ടർ (എൽ. എ.) തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഐ & പി.ആർ.ഡി (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ഓഫീസ് കോപ്പി (ആർ.ഇ1/132/2026/എൽ.എസ്.ജി.ഡി)

ഉത്തരവിൻ പ്രകാരം

Digitally signed by
Bindu Chandran R
Date: 17-09-2026
11:26:00

സെക്ഷൻ ഓഫീസർ